(സി) 2005 സെപ്തംബറിൽ നടത്തേണ്ട തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി വാർഡുകളുടെ പുനഃക്രമീകരണം നടത്താനുദ്ദേശിക്കുന്നു. വാർഡുകളുടെ പുനഃസംഘടന സംബന്ധിച്ചുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം

1. ഓരോ പഞ്ചായത്തിന്റെയും അതിന് എത്ര സ്ഥാനങ്ങളുണ്ടോ അത്രയും നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതും അപ്രകാരമുള്ള നിയോജകമണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കേണ്ടതുമാണ്.

2. ഓരോ നിയോജകമണ്ഡലത്തിലെയും ജനസംഖ്യ പ്രായോഗികമാകുന്നിടത്തോളം ആ പഞ്ചായത്തു പ്രദേശത്തിലൊട്ടാകെ ഒന്നുതന്നെ ആയിരിക്കേണ്ടതാണ്.

3. ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജകമണ്ഡലമായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമപഞ്ചായത്തിന്റെ നിയോജകമണ്ഡലത്തേയോ, ഒരു ജില്ലാ പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജകമണ്ഡലങ്ങളായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമപഞ്ചായത്തിന്റെയോ ബ്ളോക്കുപഞ്ചായത്തിന്റെയോ നിയോജകമണ്ഡലത്തേയോ ഒന്നിലധികം ഭാഗങ്ങളായി വേർതിരിക്കാത്ത വിധത്തിൽ നിശ്ചയിക്കേണ്ടതാണ്.

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അതിർത്തികൾ നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഡീലിമിറ്റേഷൻ കമ്മീഷൻ, മേൽ സൂചിപ്പിച്ചിട്ടുള്ള കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിക്കുന്നതാണ്.

പിന്നോക്കവിഭാഗ ക്ഷേമവകുപ്പ് രൂപീകരണം

200 [1713] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗത്തിന്റെ ക്ഷേമത്തിനായി പിന്നോക്ക വിഭാഗക്ഷേമത്തിനായി പിന്നോക്കവിഭാഗ ക്ഷേമവകുപ്പ് രൂപീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പിന്നോക്കവിഭാഗ ക്ഷേമവകുപ്പ് രൂപീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ആന്റ് (ബി) പിന്നോക്കവിഭാഗ ക്ഷേമവകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly